**ഭരണഭാഷ-മാതൃഭാഷ**


**റാന്നി അങ്ങാടി ഗ്രാമ പഞ്ചായത്ത്**
**പിൻ കോഡ്- 689674 ഫോൺ നമ്പർ : 0473-5226275**
**ഇമെയിൽ : ranniangadigp@gmail.com**


**നമ്പർ: 3238083-2025** **തീയതി : 17-07-2025**

പ്രേഷകൻ

സെക്രട്ടറി
റാന്നി അങ്ങാടി ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

IVO
LSGD Pathanamthitta, ANGADI, Angadi, 689674

സർ,

വിഷയം: ബിൽഡിംഗ് ഓണർഷിപ്പ് പഞ്ചായത്ത് രേഖയിൽ തെറ്റായി കാണുന്നു

സൂചന: 1. ശ്രീമതി , മോളി പി എസ്സ് ലെഫ് . കേണൽ ബഹു . തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് നൽകിയ പരാതി

ലെഫ്.കേണൽ ശ്രീമതി. മോളി പി എസ്സ് (റിട്ടയേർഡ് ) , കുന്നിലേത്ത് റോജോസ്സ് , ഈട്ടിച്ചുവട് എന്നയാൾ ഇവരുടെ മകളുടെ വിദ്യാഭ്യാസ ആവശ്യത്തിനായി റെഡിഡൻഷ്യൽ സർട്ടിഫിക്കേറ്റ് ലഭ്യമാക്കുന്നതിനായി ഓൺലൈനായി അപേക്ഷിക്കാൻ തുടങ്ങിയപ്പോഴാണ് അറിയുന്നത് 2/342 (പഴയത് 8/308) വീട് കുഞ്ഞുമോൻ , കുന്നിലേത്ത് , ഈട്ടിച്ചുവട് എന്നയാളിന്റെ ഉടമസ്ഥതയിലാണെന്നറിയുന്നത് . ഉടൻതന്നെ ഇവർ ഓഫീസിലെത്തി വിവരം അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ നിന്നും ടി കെട്ടിടം കുഞ്ഞുമോൻ , കുന്നിലേത്ത് , എന്നയാളിന്റെ ഉടമസ്ഥതയിലാണ്. കൂടാതെ 2012-13 സാമ്പത്തിക വർഷത്തെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ടി കെട്ടിടത്തിന്റെ നികുതി ഒഴിവാക്കിയിരിക്കുകയാണ്. 2025 മാർച്ച് 31 ന് പ്യൂരിഫിക്കേഷൻ സൈറ്റ് ക്ലോസ്സ് ചെയ്തതിനാൽ ടി നമ്പർ കെ സ്മാർട്ട് മുഖേന അനുവദിച്ചു നൽകുന്നതിന്റെ ടെക്നിക്കൽ നിർദ്ദേശം ലഭിക്കുന്നതിനായി പ്രോപ്പർട്ടി ടാക്സ് ഗ്രൂപ്പിൽ മെസ്സേജ് ഇടുകയും ആയതു പ്രകാരം New tax assessment , Ownership change എന്നിവ വഴി പ്രശ്നം പരിഹരിക്കാമെന്ന് നിർദ്ദേശം ലഭിക്കുകയും, ടി നിർദ്ദേശം ഇവരെ അറിയിക്കുകയും ചെയ്തു . എന്നാൽ ഇവർ അപേക്ഷ സമർപ്പിക്കാൻ തയ്യാറായില്ല,. ടി വിവരം സെക്രട്ടറിയുടെ ശ്രദ്ധയിൽ പ്പെടുത്തകയും അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം ഇവരുടെ കയ്യിൽ നിന്നും രേഖകൾ വാങ്ങി സെക്ഷൻ ക്ലർക്കിന്റെ ലോഗിൻ മുഖാന്തിരം അപേക്ഷ സ്വീകരിച്ച് വാർഡ് തല അന്വേഷണ നടത്തി ഉടമസ്ഥാവകാശം മാറ്റിനൽകി ബിൽഡിംഗ് സർട്ടിഫിക്കേറ്റ് അനുവദിച്ചു നൽകിയിട്ടുണ്ട് . ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

Signature Not Verified
Digitally signed by AJI T R
Date: 2025.07.17 15:04:41 IST
Reason: KSMART

സെക്രട്ടറി